കേരള പോലീസ്
KERALA POLICE

# തളർച്ച ബാധിച്ച യുവാവിന് ഭവനം നിർമിച്ചു നൽകി മാതൃകയായി വൈക്കം ജനമൈത്രി പോലീസ്



തളർച്ച ബാധിച്ച യുവാവിന് ഭവനം നിർമിച്ചു നൽകി മാതൃകയായി വൈക്കം ജനമൈത്രി പോലീസ് .

തളർച്ച ബാധിച്ചു പരസഹായത്തോടെ കഴിയുന്ന യുവാവിന് വൈക്കം പോലീസിന്റെയും ജനമൈത്രി സമിതിയുടെയും കൂട്ടായ സഹകരണത്താൽ നിർമിച്ചു നൽകുന്ന വീടിന്റെ താക്കോൽ ദാനം ബഹു: കോട്ടയം ജില്ലാ പോലീസ് മേധാവി ശ്രീ. ഹരിശങ്കർ ഐ.പി.എസ് അവർകൾ നിർവഹിച്ചു.

തന്റെ പതിനേഴാമത്തെ വയസിൽ കൈകാലുകൾക്ക് തളർച്ച ബാധിച്ച വൈക്കം ടീവി പുരം സ്വദേശി സുധീഷ് (36) ഒറ്റമുറി വീട്ടിൽ തന്റെ പ്രയമായ അമ്മക്കും കണ്ണിനു കാഴ്ച്ചയില്ലാത്ത അപ്പച്ചിക്കുമൊപ്പമാണ് കഴിഞ്ഞു വന്നിരുന്നത്. ഈ വിവരം ജനമൈത്രി പോലീസിന്റെയും ജനമൈത്രി സമിതിയുടെയും ശ്രദ്ധയിൽ പെട്ടതോടെ പല സുമനസുകളിൽ നിന്നും പണമായും നിർമ്മാണ സാമഗ്രികളായും സഹായം സ്വീകരിച്ചു കൊണ്ടാണ് വീടുപണി പൂർത്തികരിച്ചത്.

ഇന്നു രാവിലെ നടന്ന താക്കോൽദാന ചടങ്ങിൽ ടീവിപുരം പഞ്ചായത്ത് പ്രസിഡന്റ് സെബാസ്റ്റ്യൻ ആന്റണി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബഹു: വൈക്കം ഡി.വൈ.എസ്.പി

കെ.സുഭാഷ് മുഖ്യപ്രഭാഷണം നടത്തി, പ്രസ്തുത ചടങ്ങിൽ വാർഡ് മെമ്പർ രാഖി സജീഷ്, വൈക്കം എസ് ഐ രഞ്ചിത്ത് കെ വിശ്വനാഥ്, കോട്ടയം ജില്ലാ പോലീസ് ഓഫീസേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് കെ ശിവപ്രസാദ്, എസ് ഐ ഷാജഹാൻ, പി എം സതീഷ് കുമാർ എന്നിവർ പങ്കെടുത്തു. സുധീഷിന് വീട് നിർമിച്ച് നൽകുന്നതിന് മുൻകൈയെടുത്ത വൈക്കം ഡിവൈഎസ് പി കെ സുഭാഷിനെയും വൈക്കം പോലീസ് സ്റ്റേഷനിലെ കമ്മ്യൂണിക്കേഷൻ ഓഫീസറായ കെ.വി സന്തോഷിനെയും ആദരിക്കുകയുണ്ടായി.

***ജില്ലാ പോലീസ്, കോട്ടയം***